വർക്കലയുടെ സമഗ്രവികസനത്തിന് വർക്കല ഡെവലപ്പ്മെന്റ് അതോറിറ്റി യിലൂടെയും ടൂറിസം വകുപ്പ് നേരിട്ടും വികസനപ്രവർത്തനങ്ങൾ വിഭാവനം ചെയ്യു ന്നു. കാപ്പിൽ ബീച്ചിന്റെ വികസനവും കാപ്പിൽ ബോട്ട് ക്ലബ്ബിന്റെ വികസനവും ഉദ്ദേ ശിക്കുന്നുണ്ട്.

വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപ്പാക്കിയ പുതിയ പദ്ധതികൾ

59(1535) ശ്രീ. കളത്തിൽ അബ്ദുള്ള:

ശ്രീ. യു. സി. രാമൻ:

ശ്രീ. ഇസ്ഹാക് കുരിക്കൾ:

ശ്രീ. ടി. പി. എം. സാഹിർ:

ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാ രവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ 2005-ൽ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതുമൂലം വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രത്തോളം വർദ്ധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതുമൂലം എന്തു തുക വരുമാനത്തിൽ വർദ്ധനവുണ്ടായി?

ഉത്തരം

(എ, ബി) വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടി മുൻവർഷങ്ങളിലെന്നപോലെ നിരവധി അന്താരാഷ്ട്ര മേളകൾ, റോഡ് ഷോകൾ എന്നിവ സംഘടിപ്പിക്കുകയും അവയിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി.വി. ചാനലുകൾ, വെബ്സൈറ്റ് എന്നിവ വഴിയുള്ള പരസ്യ പ്രചരണങ്ങളും വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കാൻ സഹായിച്ചിട്ടുണ്ട്. പുറമേ, പുതിയ ടൂറിസം സാദ്ധ്യതയുള്ള കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും നിലവിലുള്ള കേന്ദ്രങ്ങൾ കൂടുതൽ മോടിപിടിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പൈതൃക സംരക്ഷണം, കലാ സാംസ്കാരിക മേഖലകളുടെ പരിരക്ഷ, ബീച്ചുകളുടെ സംരക്ഷണം, സൗന്ദര്യവത്ക്കരണം, വിദേശ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന ആയുർവേദ ടൂറിസത്തിന്റെ വിപണനം എന്നീ ഇനങ്ങളിൽ ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) 2004 വർഷം കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 17.28 ശതമാനം വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ 2003 വർഷത്തേക്കാൾ 28.82 ശതമാനം വർദ്ധനവ് 2004 വർഷത്തിൽ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള 2005-ലെ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളു.

ടൂറിസ്റ്റുകളെ ആകർഷിക്കാൻ കെ.ടി.ഡി.സി.-യുടെ പദ്ധതികൾ

60(1536) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഉതകുന്ന എന്തെല്ലാം പുതിയ പദ്ധതികളാണ് കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനുവേണ്ടി എത്ര കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തനിമ നിലനിർത്തുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള കെ.ടി.ഡി.സി. ഹോട്ടലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം പുതിയ കേന്ദ്രങ്ങളിൽ പുതിയ ഹോട്ടലുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികളാണ് കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കെ.ടി.ഡി.സി. വരുന്ന 10 വർഷത്തിനുള്ളിൽ നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള വികസനപദ്ധതികൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇതിനുവേണ്ടി ഉദ്ദേശം 145 കോടി രൂപ ചലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കേരളത്തനിമ നിലനിർത്തുന്ന പദ്ധതികളായിരിക്കും കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

ടൂറിസം രംഗത്തെ മുലധന നിക്ഷേപം

61(1537) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം - X

LIBRARY ARCHIVES Kerala Legislative Assembly